അക്കാഡമിക് വിഭാഗത്തിൽ ഗസ്റ്റ് ലക്ചററായി ജോലി ചെയ്തിരുന്ന പത്തു പേരെ കരാറടിസ്ഥാനത്തിലേക്ക് മാറ്റുകയുമുണ്ടായി. മണിക്കൂർ വേതന വ്യവസ്ഥയിൽ അദ്ധ്യാപകരായി ജോലി ചെയ്യുവാൻ തയ്യാറുള്ള യോഗ്യരായവരുടെ ലിസ്റ്റ് തയ്യാറാക്കുകയും അതിൽ നിന്നും ആവശ്യാനുസരണം സേവനം വിനിയോഗിക്കുകയും ചെയ്തുവരുന്നു.

(സി) സ്ഥിരം നിയമനം ലഭിച്ചവർക്ക് 55 വയസ്സുവരേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചവർക്ക് 65 വയസ്സുവരേയും ആണ് സേവന കാലാവധിയായി പരിഗണിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) ഓഫീസ്

ഹെഡ് അക്കൗണ്ടന്റ്	-	1
ലൈബ്രേറിയൻ	-	1

ഡിപ്പാർട്ട്മെന്റ്

ട്രേഡ് ഇൻസ്ട്രക്ടേഴ്സ് (വർക്ക്ഷോപ്പ്)	-	5
പ്രൊഫസേഴ്സ്	-	2

ഇവർ ഈ അധ്യയന വർഷാവസാനം വരെ മാത്രമേ തുടരുകയുള്ളൂ.

(എഫ്) പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കാലാകാലങ്ങളിൽ നിലവിൽ വരുന്ന ഗവേണിംഗ് ബോഡിയുടെ മാനദണ്ഡങ്ങൾക്ക് പൂർണ്ണമായും വിധേയമായിട്ടാണ് നിയമനങ്ങൾ നടത്തുന്നത്.

എം പാനൽ കണ്ടക്ടർമാർ

103 [2875] ശ്രീ. എം. എ. വാഹീദ് :
,, ഇ. എം. അഗസ്തി :
,, എം. മുരളി :
,, വി. ഡി. സതീശൻ :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. വഴി നിയമിക്കപ്പെട്ട എത്ര എംപാനൽ കണ്ടക്ടർമാരാണ് കെ. എസ്. ആർ. ടി. സി.-യിൽ ഉള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതുമൂലം കെ. എസ്. ആർ. ടി. സി.-ക്ക് എന്ത് തുകയുടെ അധിക ചെലവുണ്ടാകും?

ഉത്തരം

(എ) പി. എസ്. സി. വഴി നിയമിച്ച 1374 എം പാനൽ കണ്ടക്ടർമാരാണ് ഇപ്പോൾ കെ. എസ്. ആർ. ടി. സി.-യിലുള്ളത്.

(ബി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(സി) ശരാശരി പ്രതിമാസം 13 ലക്ഷത്തിൽപരം രൂപയുടെ അധിക ചെലവുണ്ടാകും.

സ്റ്റേജുകൃാരേജ് സർവ്വീസ് ബസ്സുകളും ചവിട്ടുപടിയും

104 [2876] ശ്രീ. ലൂഡി ലൂയിസ് :
,, കെ. ബാബു :
,, എം. എ. ചന്ദ്രശേഖരൻ :
,, പി. ടി. തോമസ് :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേജ് കൃാരേജായി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ ചട്ടം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് ഇടയ്ക്കിടെ പരിശോധന നടത്തണമെന്ന് പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റീസ് എന്ന സംഘടന നൽകിയ കേസിൽ സംസ്ഥാന ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിധിയുടെ കോപ്പി എല്ലാ ആർ. ടി. ഒ.-മാർക്കും ഹൈക്കോടതി അയച്ചു കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്റ്റേജ് കൃാരേജ് ബസ്സുകളുടെ ചവിട്ടുപടിയുടെ പൊക്കം ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരം എത്ര ബസ്സുകളിൽ ക്രമീകരിച്ചിട്ടുണ്ടെന്ന് പരിശോധനാവിധേയമാക്കി എന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര ബസ്സുകൾ ഈ വിധി അനുസരിച്ചിട്ടില്ല എന്ന് പ്രസ്തുത പരിശോധനകളിൽ മനസ്സിലാക്കാൻ കഴിഞ്ഞു;

(ഇ) വൃദ്ധന്മാർ, സ്ത്രീകൾ, കുട്ടികൾ, ഗർഭിണികൾ, രോഗികൾ മുതലായവർക്ക് ഉയരം കൂടിയ ചവിട്ടുപടിയിൽ കൂടി ബസ്സിനുള്ളിൽ കയറിപ്പറ്റാൻ ബുദ്ധിമുട്ടുണ്ട് എന്നത് പരിഗണിച്ച് ഹൈക്കോടതി വിധി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly